**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

25.06.2018 -ലെ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 349.

**നിർമ്മാണമേഖലയിലെ സുരക്ഷ മാനദണ്ഡങ്ങൾ**

ചോദ്യം

**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ.പി.ടി. തോമസ്**
**ശ്രീ.വി.ടി.ബൽറാം**
**ശ്രീ. അനിൽ അക്കര**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരമുള്ള സുരക്ഷ നിബന്ധന വൻകിട കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ പാലിക്കാത്തത് കാരണം സംസ്ഥാനത്ത് അപകടങ്ങൾ വർദ്ധിക്കുന്നതും അതിൽ അതിഥി തൊഴിലാളികൾ മരണമടയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജോലി സ്ഥലത്ത് വച്ചുണ്ടാകുന്ന അപകടം മൂലം മരണം സംഭവിക്കുന്ന ഇത്തരം തൊഴിലാളികൾക്ക് നൽകുന്ന സഹായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) | 2010 ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളല്ലാത്തവർക്കും ഈ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ; | | സംസ്ഥാനത്ത് മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾ 2010 ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളാണെങ്കിലും /അല്ലെങ്കിലും ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ഓരോ സംസ്ഥാനത്തിനുമുള്ള ധനസഹായ വിഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | നിർമ്മാണമേഖലയിൽ സുരക്ഷ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും അതിഥി തൊഴിലാളികളുടെ സംരക്ഷണത്തിനും നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സംസ്ഥാനങ്ങൾ | തുക |
|---|---|
| മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ്, ഒറീസ്സ, ദാമൻ, ദിയു, ലക്ഷദീപ് | 7,500/–രൂപ |
| രാജസ്ഥാൻ, ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ, ഡൽഹി, ഉത്തരാഞ്ചൽ | 10,000/– രൂപ |
| ജമ്മു&കാശ്മീർ, സിക്കിം, ആസ്സാം, മേഘാലയ, ത്രിപുര, അരുണാചൽപ്രദേശ്, നാഗാലാൻഡ്, മിസ്സോറാം, മണിപ്പൂർ,ആൻഡമാൻ നിക്കോബർ ദ്വീപുകൾ | 15,000/–രൂപ |
| തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാപ്രദേശ്, പുതുശ്ശേരി, കാരിക്കൽ, യാനം, മാഹി, ഗോവ | 5,000/– രൂപ |

സെക്ഷൻ ഓഫീസർ